**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 173** **01-02-2023 - ൽ മറുപടിയ്ക്ക്**

**മിഠായി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **ഡോ. ആർ ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾക്കായുള്ള മിഠായി പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ; ഈ പദ്ധതിയിൽ സംസ്ഥാനത്ത് എത്ര കുട്ടികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള വിശദവിവരം നൽകാമോ; | (എ) | ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികൾക്കായുള്ള മിഠായി പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങളും മിഠായി പദ്ധതി ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്കും **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികൾക്ക് കണ്ടിന്യുയസ് ഗ്ലൂക്കോസ് മോണിറ്ററിംഗ് സിസ്റ്റം (സി.ജി.എം.എസ്.) ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ ഇതുവരെ എത്ര കുട്ടികൾക്കാണ് സി.ജി.എം.എസ്. നൽകിയിട്ടുള്ളതെന്ന വിവരം അറിയിക്കുമോ; | (ബി) | ഉണ്ട്. 593 കുട്ടികൾക്കാണ് ഇതുവരെ സി.ജി.എം.എസ് നൽകിയിട്ടുള്ളത്. |
| (സി) | മിഠായി പദ്ധതിയിൽ നിലവിൽ നിശ്ചയിച്ചിട്ടുള്ള വരുമാന പരിധി എത്രയാണ്; ഇതിൽ മാറ്റം വരുത്തുവാൻ ആലോചിക്കുന്നുണ്ടോ; പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുട്ടികൾക്ക് പ്രായപൂർത്തിയായാൽ തുടർ ചികിത്സ സഹായം നൽകുവാനുള്ള പദ്ധതി പരിഗണനയിലുണ്ടോ? | (സി) | മിഠായി പദ്ധതിയിൽ അംഗമാകുവാനുള്ള വരുമാന പരിധി നിലവിലെ മാനദണ്ഡ പ്രകാരം പ്രതിവർഷം 2 ലക്ഷം രൂപയാണ്. ഇത്. വർധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികൾക്ക് 18 വയസു കഴിഞ്ഞാൽ തുടർ ചികിത്സ നൽകുന്നത് സംബന്ധിച്ച് സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷനു കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സാമൂഹ്യ നീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി ടൈപ്പ് 1 പ്രമേഹം ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും പരിചരണം നല്കുന്നതിന് ആരംഭിച്ച സമഗ്ര സാമൂഹികാധിഷ്ഠിത പദ്ധതിയാണ് 'മിഠായി'. ടൈപ്പ് വൺ പ്രമേഹരോഗം ബാധിച്ചവർക്ക് ഇൻസുലിൻ പെൻ, കണ്ടിന്യൂയസ് ഗ്ലൂക്കോസ് മോണിറ്റർ, ഇൻസുലിൻ പമ്പ് തുടങ്ങിയവ ഉപയോഗിച്ചുള്ള ആധുനിക ചികിത്സയും ആരോഗ്യ, ചികിത്സ, ഭക്ഷണകാര്യ ഉപദേശങ്ങളും പരിരക്ഷയും നൽകുന്ന പദ്ധതിയാണ് 'മിഠായി'. കുട്ടികൾക്ക് കൗൺസിലിംഗും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങളും ഉൾപ്പെടെ ആറ് ഘട്ടങ്ങൾ ഉൾപ്പെട്ട ഒരു ബൃഹത് പദ്ധതി കൂടിയാണിത്. ഈ പദ്ധതി വഴി ടൈപ്പ് 1 പ്രമേഹം ബാധിച്ച 18 വയസ് വരെയുള്ള കുട്ടികൾക്ക് സേവനം നൽകുന്നു. പ്രത്യേക സോഫ്റ്റ്‌വെയർ വഴിയാണ് രജിസ്ട്രേഷനും തുടർ നടപടികളും സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്ത് കോഴിക്കോട്, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ മിഠായി ക്ലിനിക്കുകളും ഗവ മെഡിക്കൽ കോളേജ് എറണാകുളം, ഗവ മെഡിക്കൽ കോളേജ് കണ്ണൂർ, വിക്ടോറിയ ആശുപത്രി കൊല്ലം, ജില്ലാ ആശുപത്രി കോഴഞ്ചേരി, പത്തനംതിട്ട, താലൂക്ക് ആശുപത്രി ,അടിമാലി ഇടുക്കി, വുമൺ ആൻഡ് ചൈൽഡ് ആശുപത്രി പാലക്കാട്, ജില്ലാ ആശുപത്രി പെരിന്തൽമണ്ണ, മലപ്പുറം, ജനറൽ ആശുപത്രി ,കല്പറ്റ ,വയനാട്, ജില്ലാ ആശുപത്രി കാഞ്ഞങ്ങാട് ,കാസർഗോഡ് എന്നീ ആശുപത്രികളിൽ മിഠായി സാറ്റലൈറ്റ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. മിഠായി പദ്ധതിയിൽ കുട്ടികൾക്ക് നൽകുന്നത് വേദനയില്ലാത്തതും എളുപ്പം ഉപയോഗിക്കാൻ പറ്റുന്നതുമായ ആധുനിക പെൻ ഇൻസുലിനാണ്. ഇതുവരെ 1250-ത്തിൽ അധികം കുട്ടികൾക്ക് മിഠായി പദ്ധതി കൈത്താങ്ങായി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സംസ്ഥാന സർക്കാർ 3.8 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. മിഠായി പദ്ധതി ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ജില്ലാ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 158 |
| 2 | കൊല്ലം | 147 |
| 3 | പത്തനംതിട്ട | 53 |
| 4 | ആലപ്പുഴ | 86 |
| 5 | കോട്ടയം | 79 |

| | | |
|---|---|---|
| 6 | ഇടുക്കി | 71 |
| 7 | എറണാകുളം | 80 |
| 8 | തൃശ്ശൂർ | 107 |
| 9 | പാലക്കാട് | 103 |
| 10 | മലപ്പുറം | 95 |
| 11 | കോഴിക്കോട് | 115 |
| 12 | വയനാട് | 36 |
| 13 | കണ്ണൂർ | 83 |
| 14 | കാസർഗോഡ് | 37 |